# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8173 | 17.07.2014 -ൽ മറുപടിയ്ക്ക്

### ഭൂഗർഭജല സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരിഫ് | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി) |
| കേരളത്തിൽ ശക്തമായ ജലനയം ഇല്ലാത്തതുമൂലമാണ് ഭൂഗർഭ ജലം അമിതമായി ചൂഷണം ചെയ്യുന്നതിനും അതുമൂലം ഭൂഗർഭ ജലനിരപ്പ് താഴുന്നതിനും ഇടയാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002 നിലവിലുണ്ട്.<br>കൂടാതെ ഭൂഗർഭജലം അധികമായി ചൂഷണം ചെയ്യുന്നതായി പരാതികൾ ലഭിക്കുന്ന മുറയ്ക്ക് വിശദമായ പഠനം നടത്തി വേണ്ട നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.<br>കേരളത്തിൽ അധിക ചൂഷണ ബ്ലോക്ക് ആയി തരം തിരിച്ചിരിക്കുന്നത് പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് മാത്രമാണ്. ഇവിടെ വൻതോതിൽ കൃഷി ആവശ്യങ്ങൾക്കായി ഭൂജലം ഉപയോഗിക്കുന്നത് കൊണ്ടും മഴയുടെ അളവ് വളരെ കുറവായതുകൊണ്ടുമാണ് ഭൂജല നിരപ്പിൽ കുറവ് അനുഭവപ്പെടുന്നത്. അമിത ചൂഷണ ബ്ലോക്കായ ചിറ്റൂരിൽ കൃത്രിമ ഭൂജല സംപോഷണം നടപ്പാക്കുന്നതിനായി പ്രത്യേകം സമഗ്രമായ പഠനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ